AD KINDLY LIGHT

# NEWMAN VOICE

72 - 73

THODUPUZHA



9th

# NEWMAN VOICE

ANNUAL NUMBER

1972-'73

# NEWMAN VOICE


| | |
|---|---|
| *Published by:* | *Principal Newman College, Thodupuzha.* |
| *Edited by:* | *Joy Joseph, Newman College, Thodupuzha.* |
| *Cover designed by:* | *Sebastian Joseph 3rd B.Sc Zoology.* |
| *Blocks by:* | *Saf Process Alwaye.* |
| *Printed at:* | *Priya Printers, Thodupuzha.* |




Lead kindly Light
Amid the encircling gloom
Lead Thou me on.
The night is dark,
And I am far from home,
Lead Thou me on.
Keep Thou my feet,
I do not ask to see
The distant scene,
One step enough for me.

*—J. H. Newman.*

# MY GRATITUDE

*Towards*

*The Principal,*

*The Vice Principal,*

*The Staff Editors,*

*Associate Student Editors,*

*Artists,*

*Priya Printers,*

*SAF Process Studio,*

*Advertisers,*

*and*

*All those connected with this annual number.*

*—Editor.*



OUR PATRON

Rt. Rev. Dr. Mathew Pothanamuzhi Ph. D., D. D.



Prof. U. V. JOHN M. A.
Our Principal.

# Prof. P. J. Joseph M. A.





വിദ്യാർത്ഥികളുടെ മനസ്സിൽ സംതൃപ്തിയുടേയും സന്തോഷത്തിന്റേയും നിലയ്ക്കാത്ത ചലനങ്ങളുണർത്തിയ പി.ജെ. ജോസഫ് സാർ ഈ വർഷം സജീവ സേവന രംഗത്തുനിന്നും വിരമിച്ചു. ആത്മാർത്ഥതയുള്ള ഒരു വലിയ ഹൃദയം കൈമുതലായുള്ള അദ്ദേഹം ഞങ്ങളുടെ ഒരു വലിയ ആവേശവും ശക്തികേന്ദ്രവും ആയിരുന്നു ഈ വർഷങ്ങളിൽ. പുരാണങ്ങളിലെ രാജാവിനെപ്പോലെ തൊട്ടതെല്ലാം സ്വർണ്ണമാക്കി മാററുവാനുള്ള അപൂർവ്വ സിദ്ധിയുണ്ടായിരുന്ന ആ അതികായൻ പിരിയുമ്പോൾ—

ഒന്നേ ഞങ്ങൾക്ക് ആശംസിക്കാനുള്ളൂ. സംതൃപ്തിയുടെ നിലാവറ്റാത്ത രാത്രികൾ! ക്ലേശരഹിതമായ ഒരു വിശ്രമജീവിതം—

—പ്രവർത്തകർ.

# board of editors

President:
U. V. John M. A.

Vice President:
Fr. Paul Tharaniyil, M. A., M. Ed.

Chief Staff Editor:
Mr. P. T. Chacko M. A.

Chief Student Editor:
Joy M. Joseph

Associate Staff Editors:
M/s: Prof. P. J. Joseph
N. V. Thomas
P. M. Pathrose,
P. K. Kuriakose.

Associate Student Editors;
M/s. M. V. Joseph
A. K. Meeralava.

# താളുകൾ മറിയ്ക്കുന്നതിനു മുമ്പ്.....

നമ്മുടെ പരിമിതമായ സൗകര്യങ്ങൾ വച്ച് ഈ മാഗസിൻ അതിന്റെ പരിപൂർണ്ണതയിൽ അണിയിച്ചൊരുക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽനിന്നും, വ്യത്യസ്തതക്കുവേണ്ടി മാത്രം അല്ലാതെ, വ്യത്യാസങ്ങളും വരുത്തിയിട്ടുണ്ട്. അതു് ഈ മാഗസിനു് സൗന്ദര്യം ഉണ്ടാക്കിയിട്ടുണ്ടെന്നാണ്, എന്റെ വിശ്വാസം. എന്നാലും, ഇതിന്റെ ഒരു പേജ് എങ്കിലും നന്നായിട്ടുണ്ട് എന്ന് നിങ്ങൾ പറഞ്ഞാൽ ഞാൻ കൃതാർത്ഥനായി.

ഈ കോളേജ് മാഗസിൻ രാഷ്ട്രീയത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ നോക്കികാണരുതു് എന്നാണ് എന്റെ അപേക്ഷ. ഇന്നത്തെ നമ്മുടെ ഈ സംരംഭത്തിൽ തെറ്റുകളും, കുറവുകളും വന്നുചേർന്നിട്ടുണ്ടെങ്കിൽ നമുക്ക് അതു് വരുന്ന വർഷങ്ങളിൽ പരിഹരിക്കാൻ ശ്രമിക്കാം.

ഒരു നിർദ്ദേശം:– കോളേജ് യൂണിയൻ മാഗസിന്റെ പ്രസിദ്ധീകരണ ചുമതല പരിപൂർണ്ണമായി വഹിക്കണം. അതിനു ഇവിടത്തെ അധികാരികൾ സമ്മതിക്കുമെന്നും, വിദ്യാർത്ഥികൾ അതിനുവേണ്ടി ശ്രമിക്കുമെന്നും, ഞാൻ വിശ്വസിക്കുന്നു.

മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ യൂണിയൻഫണ്ടും, മാഗസിൻഫണ്ടും, വളരെ കുറവായിരുന്നുവെന്ന്, നിങ്ങൾക്കറിയാമല്ലോ? അതുകൊണ്ട് മാഗസിന്റെ പല ഭാഗങ്ങളും വെട്ടിച്ചുരുക്കേണ്ടതായി വന്നിട്ടുണ്ട്. പല നല്ല ലേഖനങ്ങളും ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. നിങ്ങൾ ക്ഷമിക്കുമല്ലോ?

അവസാനമായി ഒരിക്കൽകൂടി പ്രിൻസിപ്പളിനോടും, വൈസ്. പ്രിൻസിപ്പളിനോടും, ചീഫ് സ്റ്റാഫ് എഡിറ്ററോടും മറ്റു സ്റ്റാഫ് എഡിറ്റേഴ്സിനോടും, പ്രത്യേകിച്ച്, പി. കെ. കുരിയാക്കോസ് സാറിനോടും, സ്റ്റുഡന്റ് എഡിറ്റേഴ്സിനോടും, ഞങ്ങളുടെ യൂണിയൻ ചെയർമാനോടും, ആർട്ടിസ്റ്റുകളോടും, പ്രിയാ പ്രിന്റേഴ്സിനോടും, സാഫ് പ്രോസസ് സ്റ്റുഡിയോയോടും, പരസ്യം തന്നു സഹായിച്ചവരോടും, ഇതിനുവേണ്ടി ത്യാഗം സഹിച്ച എല്ലാ നല്ലയാളുകളോടും എന്റെ ഹൃദയം നിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു.

നിങ്ങൾക്കു നന്ദി.

ജയ്ഹിന്ദ്!

ജോയി എം. ജോസഫ്

ചീഫ് സ്റ്റുഡന്റ് എഡിറ്റർ.





## THE EDITORIAL BOARD




Sitting:- (L to R) Mr. N. V. Thomas M. A; P. T. Chacko M. A. (Chief Editor) Prof. U V. John M. A. (principal) Fr. Paul Tharaniyil M. A; (vice Principal) Mr. P.K. Kuriakose M. A; Mr. P.M. Pathrose M A.

Standing:- (L to R) Meeralava A. K; Joy M. Joseph (Chief Student Editor) Joseph M. V.



The Members of the Staff with Prof. P. J. Joseph

# 'THE PILOTS OF THE YEAR....'



JOSE V. J.
Union Chairman



JOSE M. G.
General Secretary



MATHEW STEPHEN
Fine Arts Secretary



JAMES KURIAN M.
University Union Councillor

... ... ... **They were the Choice of the Year** ... ... ...



Meeralava A. K.
Hindi Assn. Secretary



Celine M. C.



Mary A. J.
Womens Representatives



Mathew M. M.
Science Representative



Joseph M. V.
Malayalam Assn. Secretary



Jose T. J.
Arts Representative



Baby Jose
Commerce Representative



Raju John
P. D. C. Representative

# Annual Report-
# Newman College 1972-73

I am happy to place before you a brief report of the working of Newman College during the academic year 1972—73.

**Strength**: The strength of the college at present is 1865 as against 1879 of last year. The class-wise distribution is as under.

| | | |
|---|---|---|
| 1st Pre-degree | — | 527 |
| 2nd Pre-degree | — | 527 |
| 1st D. C. | — | 281 |
| 2nd D. C. | — | 261 |
| 3rd D. C. | — | 269 (of these 925 are boys and 940 girls.) |

**Staff:** There are at present 60 members on the teaching staff and 40 members on the non-teaching staff. During the year under review there were no changes in the non-teaching staff of the college. But there were two additions to the teaching staff M/s Itteera Chacko in the Dept. of History and Mr. T. M. Jose in the Dept. of Hindi. Mr. J. Mathew of the Dept. of Economics has gone on leave.

**Retirement of Mr. P. J. Joseph:** Mr. P. J. Josph, who had been working as Head of the Malayalam Department in this college for the last three years retires on superannuation at the end of this academic year. Hardworking and earnest, Mr. Joseph took his B. A. Degree, M. A. in Malayalam and M. A. Sanskrit after private study. Mr. Joseph was a sincere, God fearing and devoted teacher. He had always the interest of the students at heart. I take this opportunity to place on record my profound gratitude in the name of Newman College for all the services rendered by him and I pray that the good Lord may bestow on him happiness and good health.

**Results:** As in the previous years the college kept up a high standard in the matter of academic results. In almost all cases the results were better than that of the previous year. The summary of the results is as under:-

| | | |
|---|---|---|
| III B. Sc. Maths. (Main) | — 59 percent | |
| ,, I Class | — 13 | |
| ,, II Class | — 4 | |
| Chem. (Main) | — 88 percent | |
| ,, I Class | — 12 | |
| ,, II Class | — 9 | |
| Zool. (Main) | — 90.6 percent | |
| ,, I Class | — 4 | |
| ,, II Class | — 11 | |
| III B. A. Litt. (Main) | — 76 percent | |
| ,, II Class | — 2 | |
| Eco. (Main) | — 59.2 percent | |
| ,, II Class | — 6 | |
| Hist. & Eco. | — 53 percent | |
| ,, II Class | — 4 | |
| II B.A. & B. Sc. English | — 86.3 percent | |
| Malayalam | — 85.3 percent | |
| Hindi | — 84.5 percent | |
| Syriac | — 100 percent | |
| Pre-Degree Pass | 54 percent | |
| I Class | — 33 | |
| II Class | 97 | |

II B. Sc. Subsidiary subjects

| | |
|---|---|
| Statistics | — 53 percent |
| Physics | — 97 percent |
| Maths | — 87.5 percent |
| Chem | — 94.3 percent |
| Botany | — 100 percent |

**Extracurricular activities**

Our Students were keen in taking part in extracurricular activities. Soon after the re-opening of the college elections were conducted to the college union. Mr. V. J. Jose was elected president and Mr. M. G. Jose secretary of the college union. The oath of office was administered to the office bearers of the college union on the 19th of October. The college union was inaugurated by Mr. D. Babu paul, Collector, Idikki District.

The-reafter a number of meetings, debates, dramatic performances, etc. were conducted. A host of distinguised persons addressed our students. Mention may be made of Bishop Dr. Powathil, Mr. K. T. Sebastian of S. B. College, Changanacherry, Prof: P. K. B. Nair and Mr. Baby Varghese of Mar Athanasius college, Advocates M/s. C. Franklin and J. Kattikaran; Mr. M. S. Muthakadan of St. Thomas college Palai, the film actor Alummoodan, Mr. Mathukutty J. Kunnappally the sports writer, Mgr. Vanchipurakal of the Diocese of Palai etc. A three day youth festival was conducted under the auspices of the arts club in which 36 one act plays were enacted, besides presenting a number of dances, monoacts musical performances, tableaus etc.

World peace day was celebrated on the death anniversary of Mahatmaji. A prayer meeting was held in the college in which the extracts from the Various Holy Books were made use of.

The C. S. U. and the National Service Scheme were also doing good work this year. The latter organised a lottery to raise funds for its activities. Both these associations organised a number of work camps, seminars etc. St. Thomas centenary was celebrated in the college under the auspices of the C. S. U. Prof. K. M. Tharakan spoke on occasion.

In the field of sports and games also our students took active interest.

Our volley ball team was the runners up in the Kerala University for the thrid time this year.

They won the Kuruvinakunnel Volley Ball trophy and the S. N. L. P. S. Trophy at Pariyaram. Mr. Philip Mathew our



volley ball captain was selected as the captain of the Kerala University Volley Ball team. He has also been selected to the Indian team to take part in the "Universade" to be conducted in Moscow.

Two coaching camps were conducted in Volley Ball to train our players.

In the field of athletics, our women's team won the Zone championship. Mr. V. G. Babu of our college scored the 1st and 2nd places respectively in the 1500 metres and 800 metres race in the University Athletics meet. In 4X400 metre relay race our team won the 3rd place in the University.

Our foot ball team also participated in the Inter collegiate tournaments.

Our women's basket ball team was runners up in the north zone Inter collegiate tournament and our Men's Basket Ball team reached the semifinals.

A number of excursions and studytours were arranged by our students under the guidance of the members of the staff.

Before concluding this report let me express my deep sense of gratitude to the members of the staff both teaching and non-teaching and to my beloved students for the co-operation they have extended to me for the successful working of the institution during this academic year. Let us all raise our hearts in thankfulness to Almighty God for the numerous graces we were previleged to receive.

And now respected professor, to you who has so graciously consented to preside over this college day celebrations, in the name of Newman College, I express our gratitude.

Let me present this brief report, ladies end gentlemen with your consent.

*Thank you all.*

## DECLARATION ABOUT

# Ownership of Newman College Annual

| | | |
|---|---|---|
| Place of Publication | — | Thodupuzha |
| Periodicity | — | Annual |
| Printer, Publisher & Editor | — | Principal, Newman college, Thodupuzha. |
| Nationality | — | Indian |
| Address | — | Newman college, Thodupuzha. |
| Owner of the Annual | — | " " |

I, Prof. U. V. John, hereby declare that the particulars given herein are true to the best of my knowledge and belief.

Thodupuzha,
30th April, 1973.

Sd/-

U. V. John,
Principal.

# Annual Report of the College Union

It is with great pleasure and satisfaction that we present the annual report of the college union for the academic year 1972—73.

The election of the office bearers took place on 25th Sept. 72.

The following members were elected:-
Jcse V. J. (Union President)
Jose M. G. (Union Secretary)
James Kurian. M. (Councillor)
Mathew Stephen (Fine arts)
Joy M. Joseph (Editor)
Jose T. J. (Arts Representative)
Mathew M. M. (Science Representative)
Joseph M.V. (MalayalamAssociation Secretary)
Meerulava A. K. (Hindi Association Secretary)
Raju John (P. D. C. Representative)
Baby Jose (Commerce representative)
Mary A. J. } Women Representatives)
Celine P. C. }

November 22nd 1973, saw the inauguration of our college union by Sri. D. Babu Paul I. A. S, District collector, Idikki. On this occasion Mr. R. K. Nair, (Lecturer N.S.S. College, Perunna addressed the audience. The Union Secretary Jose M. G. welcomed the gathering, and fine arts secretary, Mathew Stephen proposed the vote of thanks.

Under the auspices of the college union various activities and functions like symposium, study tour, debates etc. were conducted.

We are proud that we could better the inadequecy of transport facilities of our students, to a great extent. We could arrange one way traffic through the college road, and more buses, from Kaliyar, Cheenikuzhy, Velliamattom, Pannimattom etc are now reaching Thodupuzha through the College road.

A grand debate on "the states should be given more powers" was conducted on 5th April, 73 with Joseph Kottaram M. A. speaking for, and K. A. Aprem M. A. opposing the proposition. Mr. sunny Joseph argued vigorously for state autonomy, and Mr. Jose A.J. strongly advocated the necessity for a strong centre. The debate came to the conclusion that States should be given more powers their administration.

Our college day was celebrated on 13th April 1973. Prof. Philip Thayil, Principal, Law College Ernakulam was the chief guest. He made an eloquent and inspiring speech on the occasion. Mr. Jose V. J., President of College union gave warm welcome to the guests and the gathering. Our Principal Presented the Report of the College for the year, and the General secretary Jose M. G. proposed the vote of thanks. With prize-distribution and National Anthem, the functions came to a close.

Now before I conclude this brief report, it is my duty to express our deep sentiments of gratitude to the Principal, the Vice Principal, to all the members of the staff, Reverend Fathers, Reverend Sisters, and the students for their whole hearted co-operation in carrying out successfully the duties of the Union.

It is impossible for us to conclude this report without acknowledging our deep sense of gratitude to our beloved Principal, Prof. U. V. John, whose care and affection were a constant source of encouragement and inspiration to us. The Union is also thankful to Mr. P. J. Joseph M. A. (Mal.), M. A. (Sanskrit) for his valuable advice and guidance in the working of the Malayalam association. We would be failing in our duty if we forget his timely instruction in the functioning of the union in general. We wish him a happy long period of retired life.

I am very grateful to all who rendered their services for the successful functioning of the College union.

Jai Hind

Thodupuzha,
1—5—'73.

Union Secretary,
Jose M. G.

# Report of the Arts Association

It is with great pleasure that I submit before you this report of the activities of the Arts Association for the academic year 1972-73. In spite of the scarcity of time and many other inconveniences the association could work to the best of its ability for the benefit of the students.

The activities commenced with the election of Mr.Jose.T.J II B.A. as the Arts Representative and the nomination of Mr. Joseph Kottaram M.A its director. An Arts Council consisting of the Representatives of the various Arts classes was formed for the smooth working of the Association.

The Arts Association was inaugurated by Shri D.Babu Paul I.A.S. along with the inauguration of the college union. An extra ordinary meeting conducted on 11-2-73 under the auspices of this Association was of inesteemable value to the arts students. Messers Joseph Kattikara and C. Franklin (advocates of the Hon. High Court Ernakulam) spoke on this occasion. Their moving addresses dealt with the "Fundamental rights and the power of the parliament under the constitution."

Before concluding this report I would like to place on record my sincere thanks to our respected Principal and the director Shri Joseph Kottaram for their valuable help and effective guidance to the Association. Let me also express my hearty thanks to the members of the Association for their sincere co-operation and good will.

Jose T J. II B. A.
Arts Representative.

# Report of the Science Association

The year 1972-73 was a new era in the history of the Science Association. 22nd of Feb. was a red letter day for the science students. On that day our science club was formed. Prof. T.S. Chacko was appointed director to the science association. The science representative was elected the President of the club. All the class repersentatives of the science classes are the permanent members of the club.

The inauguration of the association was made by our Hon. Collector Sri. Babu Paul I. A. S. along with the inauguration of the college union.

An extra-ordinary meeting of the association was held on 22nd Feb. 1973. Mr. M. S. Muthukaden M. Sc. addressed the audience. We are very proud to note that we could conduct a science talent test this year. Remesan T. N. of II P. D. C. came first with 96 percent marks. Basil Mathew of the same class came second and Tomy K. S. of first group came third. We believe we could do much more if we had time.

Let me thank our beloved Principal and our Director prof. T. S. Chacko for this valuable help and guidence. Before I conclude let me thank all the members of the staff and all the members of the association for their co-operation.

M. M. Mathew,
Science Repersentative.

# Fine Arts Report

The Fine arts club came into existance with the election of its office beares. Shri Mathew Stephen was elected secretary. Shri Goplakrishnan Nair was nominated director.

The club was inaugurated by famous film star Alummoodan. Shri Mathukutty J. Kunnapilli addressed the audience. All the entertainments were held under the auspices of the fine arts club.

The club participated in the inter-colliageate one act play competition held in Alleppy. Towards the end of the accademic year an arts competition was conducted by the club.

And I take this opportunity to say that the beloved principal of our college and the director of the club hava left no stone unturned to guide and foster the activities of the club.

*Mathew Stephen.*

# C. S. U. Annual Report

It is with much pleasure and satisfaction that we report the activities of the C. S. U. unit of our College during the year 1972-73.

A good number of students actively participated in the activities of C, S· U. The election of the office bearers took place on 28th october 72.

| | |
|---|---|
| President: | Mr. Mathew. K. V. |
| Vice president: | Miss Aleyamma K. I. |
| Secretary: | Mr. James Panthackal |
| Joint-secretary: | Miss. Sali Mathew |
| Treasurer: | Mr. Thomas. K. M. |
| Councillors: | Messrs. Joseph K. J. Baby Jose, Philomena V. C. and Daisy George. |

Rt. Rev. Mgr. Joseph powathil, Auxiliary Bishop, Arch diocese of Changanachery inaugurated the activities of our unit on 20th Nov: 1972.

In the inaugural address stress was laid on the importance of Catholic organizations in the modern world. Prof. K. T. Sebastian M. A. of S. B. college gave an influencing talk on that solemn occasion. We are glad to note that three delegates from our unit attended the three-day A I C U F regional camp held at Alphonsa college Palai. We could couduct four one-day- Camps, one work camp and a life-orientation course during the academic year. The National president of A I C U F Mr. M. P. Joseph directed one of our camps.

We recall with gratitude the guidance and help we received from the Principal, Vice- principal, and Rev. Fr Thudianplackal our chaplain. Our thanks are due to our advisers for their valuable help and guidance. We thank the teaching and non-teaching staff who have in some way contributed to the successful working of our unit. Thanking all the office bearers, members and well-wishers we conclude this report.

Secretaries,
James Panthackal &
Sali Mathew.


Tele: Mercantile. Phone: 111

MERCANTILE BANKERS

THODUPUZHA

We accept Fixed and Current Deposits on attractive interest

FOR COLLEGE BOOKS & GUIDES

ASAD BOOK CENTRE

Asad Junction, THODUPUHA.




With Best Compliments from:

S. J. SHOEMART

Market Road, THODUPUHA

With best compliments from:

SWAMY & SONS

TIME CENTRE

Market Road, Thodupuzha

With best compliments of:

CHEMI GLASS
CORPORATION

NARAKATHARA ROAD,
ERNAKULAM,
COCHIN-11.

# മലയാളം അസ്സോസിയേഷൻ

## 1972-'73

1972 ഒക്ടോബർ 6-ാം തീയതി വെള്ളിയാഴ്ച തികച്ചും ജനാധിപത്യ രീതിയിൽതന്നെ നടത്തപ്പെട്ട കോളേജ്‌യൂണിയൻ തെരഞ്ഞെടുപ്പിൽ മലയാളം അസ്സോസിയേഷൻ സെക്രട്ടറിയായി എം. വി. ജോസഫ് വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ശ്രീ. പി. ജെ. ജോസഫ് എം. എ. അസ്സോസിയേഷൻ ഡയറക്ടറായി നിയുക്തനായി.

22-11-'72-ൽ ഇടുക്കി കളക്ടർ ശ്രീ. ഡി. ബാബു പോൾ ഐ. എ. എസ്. കോളേജ്‌യൂണിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചതോടെ അസ്സോസിയേഷന്റെ പ്രവർത്തനം സജീവമായി ആരംഭിച്ചു. ഉദ്ഘാടകൻ വിദ്യാർത്ഥികളുടെ കർത്തവ്യബോധത്തെ അനുസ്മരിപ്പിക്കുകയുണ്ടായി. തുടർന്ന് നടന്ന യോഗത്തിൽ ശ്രീ. ആർ. കെ. നായർ യുവാക്കൾക്ക് സമൂഹത്തോട് ഉണ്ടായിരിക്കേണ്ട കടമകളെപ്പറ്റി അവരെ ഉദ്ബോധിപ്പിക്കുകയുണ്ടായി.

9-1-'73-ൽ അസ്സോസിയേഷന്റെ ഔപചാരികമായ ഉദ്ഘാടനകർമ്മം സാഹിത്യകാരനായ പി. കെ. ബി. നായർ നിർവ്വഹിച്ചുകൊണ്ട്, അത്യന്താധുനിക സാഹിത്യത്തിന്റെ ദുർഗ്രാഹ്യത വ്യക്തമാക്കുകയുണ്ടായി. തുടർന്ന് നടന്ന യോഗത്തിൽ ശ്രീ. ബേബി എം. വർഗ്ഗീസ്, ആശയഗാംഭീര്യത്തിലൂടെ, പാണ്ഡിത്യ പ്രകടനത്തിലൂടെ, വിദ്യാർത്ഥികളെ അമ്പരപ്പിക്കുന്ന രീതിയിൽ, ആധുനിക സാഹിത്യത്തെയും അത്യന്താധുനികസാഹിത്യത്തെയും താരതമ്യപ്പെടുത്തി സംസാരിക്കുകയുണ്ടായി.

അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ പ്രസംഗകലയെ പരിപോഷിപ്പിക്കുന്നതിന് 25-11-'72-ൽ 17 പേരടങ്ങുന്ന ഒരു പ്രസംഗസമിതി പ്രവർത്തിച്ചു. സമിതിയംഗങ്ങൾക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് 12-3-'73-ൽ നടത്തിയ ഡിബേറ്റിൽ സണ്ണി ജോസഫ് "സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം വേണം" എന്ന പ്രമേയം അവതരിപ്പിച്ചു. എ. ജെ. ജോസ് പ്രമേയത്തെ എതിർത്ത് സംസാരിച്ചു. തുടർന്ന് നടന്ന ചൂടേറിയ വാദപ്രതിവാദത്തിൽ ശ്രീ അബ്രഹാം എം. എ, സണ്ണി എൻ. എം., ജോസ് പി. ജെ, മരീനാ ജോർജ്ജ് തുടങ്ങിയവർ പ്രമേയത്തെ അനുകൂലിച്ചും, ശ്രീ ജോസഫ് കൊട്ടാരം എം. എ, ജോസ് സി. റ്റി, സുബ്രഹ്മണ്യം, വിജയമ്മ എന്നിവർ പ്രമേയത്തെ നഖശിഖാന്തം എതിർത്തും സംസാരിച്ചു. പ്രസ്തുത വാദപ്രതിവാദയോഗത്തിൽ ധാരാളം വിദ്യാർത്ഥിനീവിദ്യാർത്ഥികൾ, അവർക്ക് ഉദാരമായ പിന്തുണയും പ്രോത്സാഹ

നവും ലഭിക്കത്തക്കവിധത്തിൽ ഇരുപക്ഷങ്ങളിലും അണിനിരന്നു. യോഗാവസാനത്തിൽ നടന്ന വോട്ടെടുപ്പിൽ പ്രമേയം വലിയ ഭൂരിപക്ഷത്തോടെ അംഗീകരിക്കപ്പെട്ടു.

ശ്രീ ഫിലിപ്പ് തയ്യലിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കോളജ് യൂണിയന്റെയും ഇതര അസ്സോസിയേഷനുകളുടെയും സമാപനസമ്മേളനം, വിവിധകലാപരിപാടികളോടെ 13.4.'73. വെള്ളിയാഴ്ച നടത്തപ്പെട്ടു. ശ്രീ എം. വി. ജോസഫ്. റിപ്പോർട്ടുവർഷത്തിൽ കോളജിൽനിന്ന് റിട്ടയർ ചെയ്യുന്ന ശ്രീ പി. ജെ. ജോസഫ് സാറിനെ അനുമോദിച്ച് സംസാരിക്കുകയുണ്ടായി.

അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സാഹിത്യമത്സരങ്ങളിലും, കോളജിൽ നടത്തപ്പെട്ട മററു പരിപാടികളിലും അസ്സോസിയേഷൻ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ചുരുങ്ങിയ ഒരു പ്രവർത്തനമണ്ഡലമേ എനിക്ക് ലഭ്യമായുള്ളു എങ്കിലും, എന്നിൽ നിക്ഷിപ്തമായിരുന്ന കടമകളെ ഗൗരവപൂർവ്വം നിർവ്വഹിക്കുന്നതിനും, പ്രവർത്തിച്ചതത്രയും ഭംഗിയായും നന്നായും ചെയ്യുന്നതിനും സാധിച്ചിട്ടുണ്ടെന്നതിൽ ഞാൻ കൃതാർത്ഥനാണ്.

റിപ്പോർട്ടുവർഷത്തിൽ അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് എനിക്ക് അനിവാര്യമായ പ്രോത്സാഹനങ്ങൾ ചെയ്തുതന്ന ബഹുമാനപ്പെട്ട പ്രിൻസിപ്പലിനോടും, മാർഗ്ഗനിർദ്ദേശം നൽകി എന്നെ സഹായിച്ച ഡയറക്ടർ സർവ്വശ്രീ. പി. ജെ. ജോസഫ്, എം. എ., അവർകളോടും, മററു അദ്ധ്യാപകരോടും, അസ്സോസിയേഷന്റെ നാമത്തിൽ കൃതജ്ഞതരേഖപ്പെടുത്തുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കട്ടെ. അസ്സോസിയേഷന്റെ പ്രവർത്തനം വിജയിപ്പിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി എന്നോടു സഹകരിച്ച എല്ലാ വിദ്യാർത്ഥിസുഹൃത്തുക്കളെയും ഇത്തരുണത്തിൽ കൃതജ്ഞതാപുരസ്സരം അനുസ്മരിച്ചു കൊള്ളുന്നു.

13—4—1973,
തൊടുപുഴ.

എന്ന്, സെക്രട്ടറി,
ജോസഫ് എം. വി.


വാതരോഗത്തിന്

വാതഘൃത്

നിർമ്മാതാക്കൾ:

മുട്ടപ്പിള്ളിൽ വൈദ്യശാല

H. O. കൂത്താട്ടുകുളം. Br. തൊടുപുഴ.



*We solicit your kind patronage*
and
*Offer you attractive terms and conditions.*
(to suit every one).

Services Offered:-

1. **One Year Cash Certificates**
2. **Term|Fixed Deposits**
3. **Current Deposits**
4. **Savings Accounts**

Details on request:

**EAST INDIA BANKERS**

**C/o. East India Sales & Agencies Private Limited,**
**Market Road, Thodupuzha, Kerala.**



സുശീലയുടെ

വിജയ

രഹസ്യം



ഈസ്റ്റ്
ഇൻഡ്യാ
ബോണസ്
പദ്ധതി

വിശദവിവരങ്ങൾക്കും പ്രവേശനഫാറത്തിനും:

ഈസ്റ്റ് ഇൻഡ്യാ സെയിൽസ് & ഏജൻസീസ് പ്രൈവററ് ലിമിററഡ്

മാർക്കററ് റോഡ്, തൊടുപുഴ.

**St. JOSEPH'S COLLEGE, KOOTHATTUKULAM.**

1) S. S. L. C. Sept & March.
2) S. S. L. C Private (One year)
3) P. D. C. Regular (Two year course)
4) P. D. C Private (All groups & parts)
5) B A Eng. Litt, Economics, Pol. Science & History
6) M. A. Eng. Litt. (University of Kerala)
(For graduate Teachers only)

Classes held on Saturdays, Sundays & Holidays)

**വിമലാ സിൽക്കു് ഹൗസ്**

തൊടുപുഴ, ബ്രാഞ്ചു്: ഇടുക്കി.

മനോഹരങ്ങളായ റെഡിമെയ്ഡ് ഡ്രസ്സുകളുടെയും,
പുതുമനിറഞ്ഞ ജൗളിത്തരങ്ങളുടെയും കലവറ.

ഏററവും കുറഞ്ഞ വിലയ്ക്കും ഏററവും പുതിയ
ഡിസൈനുകളിലുമുള്ള ജൗളിത്തരങ്ങൾക്കു് സന്ദർശിക്കുക:

**വിമലാ ചിട്ടി ഫണ്ടു്**

(തൊടുപുഴയിലെ ലീഡിംഗ് ചിട്ടി ഫണ്ടു്)

**ജമിനി ഇലക്ട്രോണിക്സ്, കൂത്താട്ടുകളം**

5 രൂപാ 10 രൂപാ തവണകളടച്ച് ഫിലിപ്സ് റേഡിയോ, വാച്ച്, ക്ലോക്ക്, ഫാൻ, സൈക്കിൾ, തയ്യൽമിഷ്യൻ, സ്റ്റീൽ ഫർണിച്ചറുകൾ ഉഷാമോട്ടർ, പമ്പുസെററുകൾ മുതലായവ സമ്പാദിക്കുന്നതിനു് നേരിട്ടോ 30 പൈസ സ്റ്റാമ്പു് സഹിതമോ അപേക്ഷിക്കുക.

ജമിനി ഇലക്ട്രോണിക്സ്, കൂത്താട്ടുകളം


# മലയാള വിഭാഗം......


| | പേജ് |
|---|---|
| വഴിവക്കിലെ കവി— സണ്ണി എൻ. എം. | 1 |
| സത്യത്തിന്റെ മുഖം— തോമസ് പി. ററി. | 3 |
| മോചനം— ഹേമലതാ ദേവി | 7 |
| ജീവിതം— ബേബി ജോസ് | 11 |
| ബർട്രാൻഡ് റസ്സൽ— ചന്ദ്രൻ പിള്ള കെ. കെ. | 13 |
| പയ്യന്റെ അമ്മാവൻ— എലിസബത്തു് ജോസഫ് | 15 |
| നീ വരില്ലേ— ജോയി സി. ഡാനിയേൽ | 20 |
| കാലങ്ങൾ ഒഴുകുകയാ— എൽസി എം. മത്തായി | 21 |
| സൃഷ്ടിയില്ലാത്ത അവസാനം— ജോയി മാളിയേക്കൽ | 27 |

ര:സന്ത്രീസന്ധ്യകരം ചായക്കൂട്ടണിയുമ്പോഴും,
വിശ്വത്തിൻ മേല്ക്കൂട്ടിയിൽ കവിത വിരിയുമ്പോഴും,
വിരഹം വിരചിച്ച ദു:ഖത്തിൻ നിഴലായ് ഞാ–
നിരിപ്പൂ വഴിവക്കിലേകനായ്, നിരാശനായ്.

വിരഹം വാരിത്തന്ന വിഷമം പൊതികെട്ടി,
സൽക്കലാ സ്വരൂപതൻ തൃക്കാൽക്കലർപ്പിക്കവേ,
ദേവി ദർശനം നല്കി, ഭാവന ചിറകടി–
ച്ചപ്രമേയമാമേതോ തീരങ്ങളും തിരക്കിപ്പോയ്.

വർദ്ധിതോത്സാഹത്തോടെ തൂലികയെടുത്തു ഞാ–
നാവാഹിച്ചെടുത്തു നിൻ രൂപവും വികാരവും,
അരികത്തണച്ചു നിൻ പേലവാധരങ്ങളിൽ
ചുംബനവർഷം ചെയ്തു, കവിതയുയിർക്കൊണ്ടു!




നിത്യവും നിൻ മാറിലെ ചൂടു ഞാൻ നുകരുമ്പോഴും,
നനുത്ത നിൻമേനിയിൽ പടർന്നു കിടക്കുമ്പോഴും,
ഓർത്തുപോയ് സരസ്വതീ! സൽക്കലാനിലയമേ!!
നിത്യമായ് നിന്നാത്മാവിലലിയാൻ കഴിഞ്ഞെങ്കിൽ!

വാർദ്ധക്യം വടികുത്തി പടിക്കലെത്തി നിന്നു,
ഭാവനാ തരുക്കളോ, പുഴകി നിലംപററി,
നിത്യയൌവനത്തിന്റെ തിളപ്പിലെന്നെത്തള്ളി–
പ്പടരാൻ തരുതേടിപ്പോയി, നീ സർഗ്ഗശക്തി.

ദേവതേ! നിൻകാലിലെ ചിലങ്കക്കിലുക്കാത്ത–
ക്കേൾക്കുവാൻ, നിൻമാറിലൊന്നമർത്തിച്ചുംബിക്കുവാൻ
ആർത്തിയാലിരിപ്പൂ ഞാൻ, തമസ്സിൻ കരിമ്പടം
പുതച്ചീവഴിവക്കിലേകനായ്, നിരാശനായ്!

പുരുഷനെ സൃഷ്ടിക്കുവാൻ തുടങ്ങിയപ്പോൾ
ദൈവത്തിനു പററിയ അമളിയാണ്, സ്ത്രീ.

(അരിസ്റ്റോട്ടൽ)

ഒരു സ്ത്രീയേയും, ഒരു പട്ടിയേയും;
എത്രമാത്രം തല്ലാമോ അത്രയും നന്നായിരിക്കും.

(തോമസ് ഫുള്ളർ)

സ്ത്രീ കണക്കിനു മിടുക്കിയാണ്.
അവൾ സ്വന്തം വയസ്സിനെ രണ്ടുകൊണ്ടു ഹരിക്കുകയും,
ഭർത്താവിന്റെ ശമ്പളത്തെ മൂന്നുകൊണ്ട് ഗുണിക്കുകയും
ചെയ്യുന്നു.

(ഡവർജർ)

സമ്പാദകൻ: തോമസ് ചെറിയാൻ.

മനുഷ്യനേക്കാൾ മഹത്തായതൊന്നും ഭൂമിയിലില്ല.
ഹൃദയത്തേക്കാൾ മഹത്തായതൊന്നും മനുഷ്യനിലുമില്ല.

(സർ വില്യം ഹാമിൽട്ടൺ)

ഒരിക്കലും ചിന്തിക്കാത്തസുഹൃത്താണ് മൗനം.

(കൺഫ്യൂഷ്യസ്)

കാരണമില്ലാതെ കോപിക്കുക,
കാര്യമില്ലാതെ സംസാരിക്കുക,
മാററമുണ്ടായാലും പുരോഗതി ഇല്ലാതിരിക്കുക,
ആരെയും അപമാനിക്കുക, ഇവയെല്ലാം വിഡ്ഢിയുടെ
ലക്ഷണങ്ങളാണ്.

സമ്പാദക: വത്സ വഴുതനപ്പള്ളി. (അറബി പഴമൊഴി.)





# സത്യത്തിന്റെ മുഖം

തോമസ് പി. ററി.

അസ്തമയ സൂര്യൻ ഒരു ചിത്രകാരന്റെ വൈഭവത്തോടെ പശ്ചിമാംബരത്തിൽ ചെംപ്രഭ പരത്തി അവിടം നയനാനന്ദകരമാക്കി. കർമ്മവൃദ്ധനായ ധർമ്മപുത്രൻ വിശ്രമാർത്ഥം പശ്ചിമദേശത്തു മറഞ്ഞുകൊണ്ടിരുന്നു. കാപട്യത്തിനു പരിശുദ്ധിയുടെ രാചതന്യം പ്രദാനം ചെയ്യുന്ന തമസ്സ് വിജയോന്മാദത്തോടെ ഭൂമിയിൽ ആധിപത്യം ഉറപ്പിച്ചുതുടങ്ങി.

പട്ടണത്തിൽ ജീവിതത്തിന്റെ ചൈതന്യം ആർത്തിരമ്പി. ആർത്തിരമ്പുന്ന ജനസഞ്ചയത്തിനിടയിലൂടെ ഒറ്റപ്പെട്ട ജീവിതങ്ങൾ പരക്കം പാഞ്ഞുകൊണ്ടിരുന്നു. നഗരത്തിന്റെ വിരിമാറിൽ മന്ദംമന്ദം ചുവടുവച്ച് പ്രാകൃതനായ ആ മനുഷ്യൻ നടന്നു. നീണ്ടുമെലിഞ്ഞ ശരീരവും ദീക്ഷയും അയാളുടെ പ്രത്യേകതയായിരുന്നു.

പട്ടണത്തിന്റെ സത്ത ഉത്തിരിഞ്ഞ ഒരു പരിഷ്കൃതഭവനത്തിന്റെ പടിക്കൽ അയാൾ

നിലയുറപ്പിച്ചു. അവിടെ എഴുതിവച്ചിരുന്ന വാക്കുകളിലൂടെ അയാളുടെ നയനങ്ങൾ പര്യടനം നടത്തി. കെ. മാധവൻ നായർ I. A. S. അസിസ്റ്റന്റ് സെക്രട്ടറി.

ദീർഘനേരം തീർത്ഥയാത്ര നടത്തി സന്നിധിയിൽ എത്തിച്ചേർന്ന ഭക്തന്റെ പാരവശ്യത്തോടെ അയാൾ ആ വാക്കുകളിൽ ശ്രദ്ധാപൂർവ്വം നോക്കി. അയാളുടെ മുഖം പ്രസന്നമായി. അയാൾ ആ ഭവനത്തെ ലക്ഷ്യമാക്കി ചുവടുവച്ചു.

പരിസരത്തിന്റെ പ്രൗഢി അയാളിലെ ദയനീയത ഒന്നുകൂടി വർദ്ധിപ്പിച്ചു. മടിച്ചുമടിച്ച് അയാൾ വരാന്തയിൽ കയറി. യാന്ത്രികമായി അയാളുടെ വിരൽ കാളിംഗ് ബെല്ലിൽ അമർന്നു. ഒരു ഭൃത്യൻ ആഗതനായി. നവരസങ്ങളിൽ പലതും അയാളുടെ മുഖത്തു് പ്രത്യക്ഷപ്പെട്ടു.

''ങും. എന്തുവേണം.''. അയാൾ ചോദ്യം ചെയ്തു.

''ഇവിടത്തെ ഏമാനെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു''. പ്രാകൃതൻെറ വരണ്ട ചുണ്ടുകൾ പിളർന്നു് ഇത്രയും വാക്കുകൾ ബഹിർഗ്ഗമിച്ചു.

''അങ്ങത്തേയ്ക്കു് സൗകര്യപ്പെടുകയില്ല. താൻ പോ''. വാത്സല്യപൂർവ്വം പാലിക്കപ്പെട്ടുപോന്ന സ്വാമിഭക്തനായ ഒരു വിദേശീയ ശ്വാനകൻെറ ഗാംഭീര്യം അയാളുടെ വദനത്തിൽ നൃത്തം വച്ചു.

''സാർ''

കടിക്കാൻ വരുന്ന നായുടെ മുൻപിൽ ഇട്ടുകൊടുക്കുന്ന ഇറച്ചിക്കഷണംപോലെ ഈ പ്രയോഗം ഏശി. ഭൃത്യൻെറ മുഖം വികസിച്ചു. ഈ എഴുത്തു് ഏമാൻെറ കൈയിൽ അങ്ങു കൊടുക്കാമോ. ഞാനിവിടെ നിന്നുകൊള്ളാം!''

''നാശം. താനൊരു പാവമായതുകൊണ്ടു് ഞാനീ ഉപകാരം ചെയ്യാം''. കത്തുംവാങ്ങി ഭൃത്യൻ അകത്തേയ്ക്കു പോയി.

അല്പസമയത്തിനുശേഷം തേജസ്സുമുററിയ ഒരു പുരുഷാകാരം പ്രത്യക്ഷമായി. ആഗതൻെറ പ്രത്യക്ഷം പ്രാകൃതൻെറ കണ്ണുകളെ മുകുളീകൃതമാക്കി.

''Hallo ! Thomas, what a surprise. Come on Howmany years passed on our back since I last saw you? I cann't express my joy since I saw you after this long period. Really I am very much happy''. ഗൃഹനാഥൻ മൊഴിഞ്ഞു.

അദ്ദേഹം പ്രാകൃതനെ കെട്ടിപ്പിടിച്ചു. പ്രാകൃതൻെറ നയനങ്ങൾ സജലങ്ങളായി. അതിഥിയെ ഭഗവാൻ ശ്രീൻ കുചേലനെ എന്നപോലെ അദ്ദേഹം ഉള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി.

അകത്തെ സജ്ജീകരണങ്ങൾ കണ്ടപ്പോൾ പ്രാകൃതൻ അന്ധാളിച്ചു. ഒരു ഇന്ദ്രലോകത്തിലായതുപോലെ അയാൾ കണ്ണുമിഴിച്ചു. ഒരു സോഫാ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഗൃഹനാഥൻ

'''Thomas, please sit down''

''വേണ്ട ഞാനിവിടെ നിന്നുകൊള്ളാം''.

''My heart aches when I saw this. I cann't bear this''. അദ്ദേഹം കൂട്ടുകാരനെ ബലമായി സോഫായിലിരുത്തി. സമീപത്തു് സ്വയം ആസനസ്ഥനായി.

''Thomas I think at least 30 years have passed since I last saw you. What a change! You are thoroughly transfigured. How ball and strong you were. You are now like a firewood''.

''എല്ലാം എന്നും ഒന്നുപോലെ നില്ക്കുമോ'' തോമസ്സ് നെടുവീർപ്പിട്ടു.

Don't be a pessimist. I will do my best for you. Look here, I am your old friend Bhasi.

ഒരു നിശബ്ദത അവിടെ പരന്നു. തോമസിൻെറ ഓർമ്മ ഭൂതകാലത്തേയ്ക്കു പാഞ്ഞു.

രാജവാഴ്ചക്കാലം. കൂട്ടിനു സി. പി. യും. താനന്നു സീനിയർ ഇൻറർമീഡിയററ് ക്ലാസ്സിലാണു്. ഒത്ത ശരീരവും, തലയെടുപ്പും. വിദ്യാർത്ഥി നേതാവെന്ന നിലയിൽ താൻ പ്രസിദ്ധനായിരുന്നു. മേമ്പൊടിക്കു് അല്പം ചട്ടമ്പിത്തരവും. അന്നു് State-Congress ൻെറ പ്രക്ഷോഭണങ്ങൾ അലയടിച്ചുകൊണ്ടിരുന്നു. കലാലയാന്തരീക്ഷത്തിലും അതിൻെറ മാറെറാലി മുഴങ്ങി. താനന്നു് വിദ്യാർത്ഥികളുടെ ആവേശവും വിദ്യാർത്ഥിനികളുടെ ആരാധനാ പാത്രവുമായിരുന്നു. ആ വർഷമാണു് ഭാസി ജൂണിയർ ഇൻററിനു ചേർന്നതു്. സ്ത്രൈണഭാവങ്ങളോടു കൂടിയ ഒരു പയ്യൻ! ഒരു നാഷണൽ (തിരുവിതാംകൂർ) കോൺഗ്രസ്സുകാരനും. ഒററപ്പെട്ട ഒരു ജീവിതമായിരുന്നു ഭാസിയുടേതു്. ഒരു പ്രശ്നത്തെച്ചൊല്ലി ഭാസിയും മററു കുട്ടികളും തമ്മിൽ ശണ്ഠയായി. അടിപിടിയുടെ വക്കോളമെത്തി. താനാണു് ഭാസിയെ രക്ഷിച്ചതു്. അന്നുമുതൽ ഞങ്ങൾ സുഹൃത്തുക്കളായി. നാൾക്കുനാൾ അതു വളർന്നു. ഭാസിയുടെ രാജഭക്തി ദേശഭക്തിയായി വളർന്നു.




പൊന്നിൻ തിരുവോണം



ഓണത്തിന് ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളിൽ ഓണക്കോടിക്കാണ് ഇന്നും എന്നും പ്രാധാന്യം. നിങ്ങൾക്കിഷ്ടപ്പെട്ട വസ്ത്രങ്ങൾ വിൽക്കുന്ന നിങ്ങളുടെ പ്രിയപ്പെട്ട വസ്ത്രവ്യാപാരികളെന്ന നിലയിൽ ഞങ്ങളെ മറക്കാൻ നിങ്ങൾക്കാവില്ലെങ്കിലും ഞങ്ങളുടെ സേവനത്തിൻെറ കാര്യം നിങ്ങളെ ഈ അവസരത്തിൽ ഓർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു

ശീമാട്ടി

പ്രമുഖ വസ്ത്രവ്യാപാരികൾ

ആലപ്പുഴ കൊല്ലം കോട്ടയം

വ്യാപാരശാലകൾ

ചങ്ങനാശ്ശേരി

തിരുവല്ല. പത്തനംതിട്ട.

ഗൗരിമഹാൾ (ആലപ്പുഴ)

Managed by S. വീരയ്യാ റെഡ്യാർ

All good wishes from:

# NINAN'S TECHNICAL COLLEGE,

KOTTAYAM-1.

Phone: 2373 & 4228

(Permanently recognized by the Government)

The leading and the foremost Technical institution in the State Renowned for excellent coaching, best results, and strict discipline.

100% വിജയവും ഫസ്റ്റ് ക്ലാസ്സുകളും നേടിക്കൊണ്ടു മുന്നേറുന്ന

★ മാത്സ് സെന്റർ ★

(1966-ൽ സ്ഥാപിതം)

ക്ലാസ്സുകൾ: തൊടുപുഴ ഈസ്റ്റ്

S.S.L.C. മാർച്ച് & സെപ്റ്റംബർ കോഴ്സ്.

S.S.L.C. പാസ്സായവർക്ക് 2 വർഷത്തെ

T.T.C. കോഴ്സ്. P.D.C. കോഴ്സ്

കോളേജിൽ പഠിക്കുന്ന P.D.C., B. Sc. വിദ്യാർത്ഥികൾക്കുള്ള Maths, Physics, Chemistry, Statistics, Half-Subsidiary Maths എന്നീ വിഷയങ്ങൾക്കുള്ള ട്യൂഷൻ (വെക്കേഷൻ കാലത്തും) VIII, IX, X സ്റ്റാൻഡേർഡുകളിലേക്കുള്ള ട്യൂഷൻ ഇംഗ്ലീഷ് മീഡിയവും (വെക്കേഷൻ കാലത്തും)

N. B. മണക്കാട് വിശ്വം കോളേജിൽ S.S.L.C. സെപ്റ്റംബർ കോഴ്സും ഹൈസ്കൂൾ ക്ലാസ്സുകളിലേക്കുള്ള ട്യൂഷനും (വെക്കേഷൻ കാലത്തും) ഉണ്ടായിരിക്കുന്നതാണ്.

പ്രിൻസിപ്പാൾ: കെ. എൻ. സുബ്രഹ്മണ്യം.

Best Compliments From:

# HOTEL Wood Lands

THODUPUZHA

# Geo Joe Brothers

TAILORS

Indian & Foreign Suit Makers

K. K. Road, KOTTAYAM.

Phone: 3133

# FOR TEXTILES

# AIYAPPAS

KOTTAYAM

# FOR READYMADE DRESSES

# BALAJI

KOTTAYAM.

**With Best Compliments From:**

BLUE BIRD AUTOS

BLUE BIRD

ENGINEERS AND AGENTS

Idikki Road, THODUPUZHA.

Kerala State, S. India.

Visit:

ന്യൂസർവ്വീസ്

(ബസ്സ്റ്റാൻറിനു സമീപം)

തൊടുപുഴ

വിജയാ ടെക്സ്റ്റയിൽസ്

കരിങ്കുന്നം

നവീന ജൗളിത്തരങ്ങൾ
കുറഞ്ഞവിലയ്ക്കു ലഭിക്കുന്നു.

സ്കൂൾകുട്ടികൾക്കാവശ്യമായ എല്ലാവിധ
ജൗളിത്തരങ്ങൾക്കും കുടകൾക്കും
സമീപിക്കുക:

Vijaya Textiles

KARIMKUNNAM

വിദേശവസ്ത്ര ബഹിഷ്കരണവും ഉത്തരവാദിത്വപ്രക്ഷോഭണവും എല്ലാം ഗംഭീരമായി നടന്നു. താൻ ഒന്നിനൊന്നു സമ്മതനമായി. ആ വർഷം ക്ലാസ്സോടുകൂടി താൻ ഇന്റർ പാസ്സായി. ബി. എ. ക്ലാസ്സിലും ചേർന്നു. വിദേശവസ്ത്ര ബഹിഷ്കരണത്തിന്റെ ഭാഗമായി, ജൗളിക്കടകളിൽക്കയറി വിദേശവസ്ത്രങ്ങൾ കത്തിച്ചു. പോലീസ് പാർട്ടി വന്നു. പലരും തടിതപ്പി. അന്നത്തെ ഇൻസ്പെക്ടർ പത്മനാഭപിള്ള സ്വാതന്ത്ര്യസമരക്കാരെ മർദ്ദിക്കുന്നതിൽ പ്രസിദ്ധനായിരുന്നു. അന്നയാൾ തന്റെ പള്ളയ്ക്കു തന്ന തൊഴി തന്നെ നിത്യരോഗിയാക്കി. അന്ന് മൂന്നു ദിവസം താൻ കിടന്നകിടപ്പിൽ കിടന്നു.

''ക്വിറ്റ് ഇൻഡ്യാ'' പ്രക്ഷോഭണത്തിന്റെ പേരിൽ കോളേജിലെ വിദേശ പ്രൊഫസർമാരോടും ഞങ്ങൾ സമരം നടത്തി. അന്ന് ഡാനിയേൽ ഒബ്രയാൻ ആയിരുന്നു തന്റെ പ്രൊഫസർ. തന്നെ അദ്ദേഹത്തിന് വലിയ കാര്യമായിരുന്നു. എങ്കിലും, അദ്ദേഹത്തെ അവഹേളിക്കുന്നതിന് താൻതന്നെ നേതൃത്വം നൽകി. അദ്ദേഹം ഇൻഡ്യയിൽ ജനിച്ചുവളർന്ന ഒരു വെള്ളക്കാരനായിരുന്നു. ശുദ്ധമായി മലയാളം സംസാരിക്കുകയും, മലയാളി വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്ന അദ്ദേഹം ഒരു സാക്ഷാൽ ഹിപ്പോക്രാറ്റാണ് എന്ന് ഞങ്ങൾ വിശ്വസിച്ചു. ഞങ്ങൾ അദ്ദേഹത്തിന്റെ ഭവനം വളഞ്ഞു.

അവിവാഹിതനായിരുന്ന പ്രൊഫസർ ഒറ്റക്കായിരുന്നു താമസം. ഞങ്ങൾ ചെന്നതേ അദ്ദേഹം മായാത്ത മന്ദഹാസവുമായി മുമ്പോട്ടു വന്നു. ഞങ്ങൾ അദ്ദേഹത്തിനെതിരായി മുദ്രാവാക്യം വിളിച്ചു. അദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളും കാപട്യമാണെന്നും അദ്ദേഹം [illegible]ടിയായിരുന്നു എന്നുമായിരുന്നു ഞങ്ങളുടെ മുദ്രാവാക്യങ്ങളുടെ സാരം. അദ്ദേഹത്തിന്റെ മുഖം വേദനകൊണ്ടുവിങ്ങുന്നതു താനന്നു കണ്ടു. അതെല്ലാം ഒരു ക്രൂരമായ സംതൃപ്തിയാണ് തനിക്ക് നൽകിയതു്. ഈ സംഭവത്തിന്റെ പേരിൽ താൻ സസ്പെൻഡ് ചെയ്യപ്പെട്ടു. അന്നു രാത്രി പ്രൊഫസറുടെ മുറിയിൽ ഭാസി തോട്ടപൊട്ടിച്ചു. ഭാസിയും സസ്പെൻഡ് ചെയ്യപ്പെട്ടു. പക്ഷേ, ഭാസിയാണ് കുറ്റംചെയ്തതെന്നു പറയുവാൻ ഭാസി വിസമ്മതിച്ചു. താൻ കുറ്റമേൽക്കുകയും ഡിസ്മിസ് ചെയ്യപ്പെടുകയും ചെയ്തു. അതോടുകൂടി കലാലയാന്തരീക്ഷം ശാന്തമാകുകയും ചെയ്തു.

''You are immersed in deep thought. What are you thinking''? നീണ്ട ആ മൂകതയ്ക്ക് ഭാസി വിരാമമിട്ടു.

''ഞാൻ പഴയ കാര്യങ്ങൾ ഓർക്കുകയായിരുന്നു''.

''We didn't get any of your news after your dismissal. We asked your father. But he told us, when you joined in the independance struggle, at that same moment he discarded you and he said whatever may happened to you it was not at all a matter of importance to him''

''എനിക്കു വീട്ടിൽ പ്രവേശനമില്ലായിരുന്നു. കുറേക്കാലം ഞാൻ ഒളിവിലായിരുന്നു. പിന്നെ കുറേക്കാലം ജപ്പാനിലും മലയായിലുമായിരുന്നു. അവസാനം സിലോണിലെത്തി. ഈയിടെ സിലോണിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു.'

''Then you would have earned much.''

''എന്തു്? അന്ന് പത്മനാഭപിള്ള തന്ന തൊഴിതന്നെ സമ്പാദ്യം. ഇതാ നോക്കു്'' അയാൾ ഷർട്ടുയർത്തി ഒരു വലിയ വടു കാണിച്ചു. ശസ്ത്രക്രിയ ചെയ്യേണ്ടിയ വടു. ''അന്നത്തെ തൊഴി എന്നെ മാറാ രോഗിയാക്കി. ഈയിടെയാണ് ഓപ്പറേഷൻ നടത്തിയതു്''. എന്തോ ഓർത്തു് അയാൾ ചിരിക്കുവാൻ തുടങ്ങി. വിളറിയ ചിരി! ''എന്റെ വയറും പത്മനാഭപിള്ളയുടെ കാലുമായുള്ള അഭിമുഖം അയാൾ അയാളുടെ ആത്മകഥയിൽ എഴുതിയോ?'' അയാൾ തുടർന്നു.

''ഭാസി എനിക്കൊരുപകാരം ചെയ്യുമോ. ഇവിടത്തെ ആഫീസിൽ....'' അയാൾ നിർത്തി.

''What do you want, please tell me.'' ഭാസി ഗൗരവപൂർവ്വം ആവശ്യപ്പെട്ടു.

''ഒരു പ്യൂണിന്റെ ഒഴിവുണ്ടല്ലോ......... അതു്......''

"Any recommendation for anybody. Do you mean that".

"അതു് എനിക്കുതന്നെ !!!"

K. B. Pillia I. A. S. ഞെട്ടിപ്പോയി.

"Goodness gracious! It is for you. I cann't belive it. I won't allow that. You are making less of us."

"എനിക്കു ജീവിക്കണം ഭാസീ! ജോലി കിട്ടാത്ത ജീവിക്കുവാൻ പററുകില്ലല്ലോ". തോമസ് ആവേശത്തോടെ വാദിച്ചു.

"Never mind. We can settle the matter. If your old lieutenant try they can do something for your. Now Govinda Menon is a minister in the union, Reveendran is an M. P., Appu is in the Administrative Service. Don't be dissappointed", ആ ഉന്നതോദ്യോഗസ്ഥൻ പറഞ്ഞുനിർത്തി.

"എന്നാൽ ഞാനിറങ്ങട്ടെ ഭാസീ".

"അയ്യോ കാപ്പി കുടിച്ചിട്ടു പോകാം!" ഭാസ്കരൻ നായർ അതിഥി സൽക്കാരത്തിനു മുതിർന്നു.

"വേണ്ട ഭാസീ. ഞാൻ പോകുകയാണു്".

അയാൾ പറഞ്ഞു നടന്നു നീങ്ങി. അപ്പോൾ അയാളുടെ മുഖത്തു് ഒരു മന്ദസ്മിതം കളിയാടിയിരുന്നു. അയാൾ ചിന്തിച്ചു. ഗോവിന്ദമേനോൻ സംസാരിക്കുവാൻപോലും നിന്നില്ല. രവി പത്തുരൂപാ വച്ചുനീട്ടി. അപ്പു കണ്ടഭാവം നടിച്ചില്ല; ഇവനൊക്കെ പൊള്ളയായ വാക്കുകൾകൊണ്ടു് തന്നെ സല്ക്കരിച്ചു. ജനകീയ യുഗമല്ലേ? കൃഷ്ണരോഗിയേയും പിച്ചക്കാരേയും ചിലപ്പോൾ കെട്ടിപ്പിടിക്കേണ്ടി വരും. ഇവൻ ഒപ്പമിരുത്തി. നന്നു്. അഭിനയം ഭേഷായിരുന്നു!

പ്രൊഫസർ ബ്രയൻ. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ! അയാളുടെ നയനങ്ങൾ ഈറനായി.

തന്നെ ഡിസ്മിസ് ചെയ്ത വിവരം അറിഞ്ഞപ്പോൾ അദ്ദേഹം തന്നെ വിളിച്ചു; ഉപദേശിച്ചു—തുടർന്നു പഠിക്കുവാനും വലിയവനാകുവാനും. ആ വർഷംതന്നെ അദ്ദേഹം തന്നെ ഇംഗ്ലണ്ടിൽ അയച്ചു പഠിപ്പിച്ചു. ഇൻഡ്യൻ ഫോറിൻ സർവ്വീസിൽ താനിന്നൊരു ഉയർന്ന ഉദ്യോഗസ്ഥനാണു്. അന്നു് അദ്ദേഹം വികാരാവിക്ഷോഭത്തോടെ പറഞ്ഞു.

"തോമസ് ഞാനിവിടെ ജനിച്ചുവളർന്നവനാണു്. പക്ഷേ, വെള്ളക്കാരനായിപ്പോയി. എന്റെ ആത്മാർത്ഥത ചോദ്യംചെയ്യപ്പെട്ടു. ഞാനവിടെപ്പോകും. ഇംഗ്ലണ്ടിൽ ഞാൻ അന്യനാണു്. പക്ഷേ,അവിടെത്തന്നെ പോയേ തീരൂ. നിങ്ങൾ നന്മയെ സ്നേഹിക്കൂ. തിന്മയെ വെറുക്കൂ. ഞാൻ ആരെയും ദ്രോഹിച്ചിട്ടില്ല. എങ്കിലും എന്റെ വർഗ്ഗക്കാർ നിങ്ങളെ ദ്രോഹിച്ചു. ഞാൻ ഇൻഡ്യ വിടുകയാണു്. എന്റെ സമ്പാദ്യം - അവസാന ചില്ലിവരെയും ഇൻഡ്യക്കാർക്കുള്ളതാണു്- എന്റെ നാട്ടുകാർ! അവർക്കുള്ളതു്".

അദ്ദേഹം അന്നു പറഞ്ഞു "ദേശസ്നേഹം നല്ലതുതന്നെ, പക്ഷേ, അതിന്റെ പേരിൽ സങ്കുചിത ദേശസ്നേഹത്തിന്റെ പേരിൽ മററുള്ളവരെ വെറുക്കണോ. ആരെയെങ്കിലും വെറുക്കുക, അതു് മനുഷ്യന്റെ വാസനയാണു്. ഇന്നു് അന്യരെ വെറുത്താൽ നാളെ സ്വയം വെറുക്കും".

അതെ. അതുതന്നെ സംഭവിച്ചു. ഇന്നു് ഇവിടെ ഭിന്ന മതവിഭാഗങ്ങൾ തമ്മിൽ, ഭാഷക്കാർ തമ്മിൽ, സംസ്ഥാനങ്ങൾ തമ്മിൽ എന്നു വേണ്ട എല്ലാ തലത്തിലും സംഘട്ടനമാണു്. ഇവിടത്തെ ഓരോ പൗരനും ഉള്ളിന്റെയുള്ളിൽ വിഭാഗീയ വാദിയാണു്. ആ സത്യം അന്നു താൻ കണ്ടില്ല. ഒരു പൊതു ശത്രുവിനെ ചൂണ്ടിക്കാട്ടി കൃത്രിമമായി കെട്ടിപ്പടുത്ത ആഴമില്ലാത്ത ഒരു ഏകതയല്ലേ വാസ്തവത്തിൽ ഭാരതം? ഭാരതീയർ പരസ്പരം മനസ്സിലാക്കിയതു് വിദേശഭാഷയിലൂടെയല്ലേ? ഈ നാടു് വിദേശികളാൽ ഉൽഗ്രഥിക്കപ്പെട്ട ഒന്നല്ലേ?

വൈരുദ്ധ്യങ്ങളുടെ കേദാരമായ ഇവിടെ ഉൽഗ്രഥനം പ്രസംഗിക്കുന്നവൻ വിഭാഗീയതയുടെ വിത്താണു് വിതയ്ക്കുന്നതു്. രാഷ്ട്രീയക്കാ

(ശേഷം 8-ാം പേജിൽ)



ചെറുകഥ




ഈറനണിഞ്ഞ സന്ധ്യ. തണുത്ത കാററ്, തണുപ്പിന്റെ ഈർപ്പം സൂചിമുനകൾ പോലെ ശരീരത്തിൽ തുളച്ചിറങ്ങുന്നു.

ഇലകൾ കൊഴിഞ്ഞ മരം....

മരച്ചുവട്ടിൽ മരിച്ചു വീണ മഞ്ഞയിലകൾ. ദുഃഖത്തിന്റെ മുഖച്ഛായയുള്ള പെൺകുട്ടി, മരണത്തിന്റെ മുഖം കണ്ടു് വിറങ്ങലിച്ചു നില്ക്കുന്ന മരത്തിൽ ചാരി ഇരുന്നു.

മുന്നിൽ ചെറിയ കൈത്തോടു്.

അവളുടെ വലിയ കണ്ണുകൾ ചെറിയ മത്സ്യങ്ങളെ വലയം ചെയ്യുന്നു.

എന്താടൂ കുട്ട്യേ, സന്ധ്യയാവണതു് കണ്ടൂടേ....

വലിയമ്മയുടെ ചോദ്യം കേട്ടു് അവൾ ഞെട്ടിയുണർന്നു. എന്തേ ഇവിടെ വന്നു് തനിച്ചിരിക്കുന്നു, വീട്ടിലേക്കു് വന്നോളൂ, സർപ്പക്കാവിൽ തിരി വയ്ക്കാൻ നേരമായി.

മുററത്തേക്കു നടക്കുമ്പോൾ ഓർത്തു. സന്ധ്യ മയങ്ങിയിരിക്കുന്നു.

വലിയമ്മ തിരി വച്ചോളൂ...... എനിക്ക നല്ല സുഖമില്ല, കടുത്ത തലവേദന.

വർഷങ്ങളായി ചെത്തിച്ചായ്ച്ചിട്ടില്ലാത്ത മുറ്റത്തു് പൂക്കളില്ലാത്ത തൊട്ടാവാടികൾ വളർന്നു കിടക്കുന്നു. കാലം ഇടിച്ചു നിരത്തിയ തുളസിത്തറയിൽ ജീർണ്ണതയുടെ ശോകഗാനം........

ഉമ്മറത്തേയ്ക്കു കയറുമ്പോൾ അനാഥത്വം മനസ്സിലേക്ക കടന്നു വന്നു. ഉമ്മറ വാതിലിനു മുകളിൽ അച്ഛന്റെ വലിയ ചിത്രം. "അച്ഛന്റെ പ്രതാപം ഇന്നെവിടെ..അച്ഛാ"....വിളിച്ചു പറയണമെന്നു തോന്നി.

ഉള്ളിലേക്ക കടന്നപ്പോൾ ഇരുട്ടിൽ പെരുച്ചാഴികളുടെ മരണപ്പാച്ചൽ..... നരിച്ചീറുകളുടെ ചിറകടികൾ കേട്ടില്ല.....മരവിച്ച മനസ്സിനു് ഇരുട്ടാണാശ്വാസം. വെളിച്ചം കാണുമ്പോൾ കണ്ണുകൾ ചിമ്മുന്നു. തെക്കിനിയിലെ ഇരുട്ടിൽ അഭയം തേടി. മൂകത മരവിച്ച മുറിയിലെ കട്ടിലിൽ കിടന്നു് മച്ചിലേക്ക നോക്കുമ്പോൾ അരണ്ട വെളിച്ചത്തിൽ ചിലന്തികൾ വലകെട്ടുന്നു.

അടുത്ത വീടുകളിൽ നിന്നു് ആർപ്പുവിളികൾ കേട്ടു. നാളെ തിരുവോണമാണെന്നു് അപ്പോഴേ ഓർത്തുള്ളൂ. അവർ ഓണത്തപ്പനെ എതിരേൽക്കുകയാണ്.....ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ പഴയ ഓർമ്മകൾ മനസ്സിലേക്ക കടന്നു വന്നു.

പന്ത്രണ്ടു വയസ്സിന്റെ ഓമനത്തം തുളുമ്പുന്ന ശ്രീദേവി എന്ന പെൺകുട്ടി, വലിയ തറവാട്ടിലെ പ്രതാപശാലിയായ അച്ഛന്റെ കൊച്ചുമകൾ, ഓണക്കാലത്തു് ഏട്ടന്റെ കൈയ്യിൽ തൂങ്ങി പൂക്കൾ ഇറുത്തു നടന്ന വസന്തം........ കൂട്ടിനു് ഉണ്ണ്യേട്ടനുമുണ്ടായിരുന്നു. അച്ഛന്റെ പെങ്ങളുടെ മകനാണു് ഉണ്ണ്യേട്ടൻ. ഞാറപ്പഴവും, പേരക്കായും തനിക്ക കൊണ്ടു വന്നു തരുന്ന തന്റെ പ്രിയപ്പെട്ട ഉണ്ണ്യേട്ടൻ.....ഏട്ടനും, താനും, ഉണ്ണ്യേട്ടനുമായി കൂട്ടുകൂടുന്നതു് രഹസ്യമായിട്ടായിരുന്നു. തറവാടിനേയും, സഹോദരനേയും ധിക്കരിച്ചു്, സ്നേഹിച്ച ആളിനെ വിവാഹം കഴിച്ചു് തറവാടിനു് കളങ്കം വരുത്തിയ അപ്പച്ചിയുടെ മകനാണു് ഉണ്ണ്യേട്ടൻ. അച്ഛന്റെ ഏറ്റവും വലിയ ശത്രുവിന്റെ മകൻ. ഉണ്ണ്യേട്ടനും, ഏട്ടനും ഒരേ പ്രായക്കാരാണ്. ഒരു ക്ലാസ്സിൽ പഠിക്കുന്ന അവർ അടുത്ത കൂട്ടുകാരാണ്. സ്കൂളിൽ പോകുമ്പോൾ അവരുടെ വലിയ വർത്തമാനങ്ങൾ കേട്ടു്, പലതും മനസ്സിലാകാതെ ശ്രീദേവി എന്ന പെൺകുട്ടി നടന്നു.

വീട്ടിൽ പെൺകുട്ടിക്കു് മൂകത അനുഭവപ്പെട്ടു. കരപ്രമാണിയായ അച്ഛൻ ഉമ്മറത്തിരുന്നു് നാട്ടുകാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ, അമ്മ പൂജാമുറിയിൽ ഭജനവും കീർത്തനവുമായി കഴിഞ്ഞു. അവൾക്കു് എല്ലാ കാര്യത്തിനും വലിയമ്മയായിരുന്നു ആശ്രയം. അച്ഛന്റെ ബന്ധത്തിൽപ്പെട്ട ഒരു പെങ്ങൾ. പതിനാറാമത്തെ വയസ്സിൽ വിധവയായിത്തീർന്ന ഹതഭാഗ്യ. ഒരിക്കലും ഒരമ്മയാവാൻ കഴിഞ്ഞില്ലെങ്കിലും അവർ ഏട്ടനും, തനിക്കും പ്രസവിക്കാത്ത അമ്മയായിരുന്നു.

## സത്യത്തിന്റെ മുഖം

(6-ാം പേജ് തുടർച്ച)

ന്റെ അതിപ്രസരം വിദേശങ്ങളുമായുള്ള നയതന്ത്രബന്ധം വഷളായിരിക്കുന്നു. കുട്ടിരാഷ്ട്രീയക്കാർ സംസ്ഥാനങ്ങൾ തമ്മിലുള്ള വിടവു് വർദ്ധിപ്പിക്കുകയാണ്.

താൻ തീരാരോഗിയായതു്, പതിനായിരങ്ങൾ തീരാരോഗികളായതു് ഈ മിഥ്യാസ്വപ്നത്തിനു് വേണ്ടിയായിരുന്നോ? ആയിരങ്ങൾ ഈ യാഗഭൂമിയിൽ ആത്മാഹുതിചെയ്തു. നിങ്ങൾ രാഷ്ട്രീയക്കാർ സംസ്ഥാനങ്ങൾതോറും ഇവർക്കായി മരിച്ചവർക്കും മരിക്കാതെ മരിക്കുന്നവർക്കുമായി മണ്ഡപങ്ങൾ തീർത്തു. ഇനിയും മുക്കവലകൾ തോറും തീർക്കും. തീർത്തുകൊള്ളൂ! ഒരുവരെയെങ്കിലും ഹൃദയത്തിൽ മാനവതയുടെ സന്ദേശം എത്തിക്കുവാൻ നിങ്ങൾക്ക സാധിക്കുമോ? സാധിച്ചാൽ അന്നു് ഞങ്ങളുടെ ആത്മാക്കൾ ഈ മണ്ഡപങ്ങൾ പൊളിച്ചു് സ്വതന്ത്രരാകും, അന്നേ ഞങ്ങൾക്ക സംതൃപ്തി— സമാധാനം ലഭിക്കൂ.



കുട്ടികൾ ഊണു കഴിച്ചോ....ഉറങ്ങിയോ.... അമ്മയുടെ അന്വേഷണം ഇതിൽ ഒതുങ്ങി നിന്നു. ഭയത്തോടെ അല്ലാതെ അച്ഛന്റെ മുമ്പിൽ ചെല്ലാൻ ഏട്ടനോ, തനിക്കോ ഒരിക്കലും കഴിഞ്ഞിട്ടില്ല. കൗമാരം തന്നോടു യാത്ര പറഞ്ഞപ്പോൾ ഏകാന്തതയെ സ്നേഹിക്കാൻ പഠിച്ചു. ഏട്ടൻ അകലെയുള്ള കോളേജിൽ പഠിക്കാനായി പോയപ്പോൾ ഏകാന്തതാബോധം കൂടുതലായി മനസ്സിൽ വളർന്നു വന്നു.

സ്കൂളിൽ പോകുമ്പോൾ ഉണ്ണ്യേട്ടനെ പലപ്പോഴും കാണാറുണ്ടെങ്കിലും ഏട്ടന്റെ അഭാവത്തിൽ ഏറ്റങ്കിലും സംസാരിക്കാൻ സങ്കോചം അനുഭവപ്പെട്ടു. ആ തിളങ്ങുന്ന കണ്ണുകൾ തന്നിലേക്ക ചൂഴ്ന്നിറങ്ങുമ്പോൾ സ്വയം ചുരുങ്ങി ഇല്ലാതാവുന്ന തോന്നലായിരുന്നു.

വെള്ളത്തുള്ളികൾ ഇറ്റിറ്റു വീഴുന്ന ചുരുണ്ട മുടിയിൽ തുളസിക്കതിർ ചൂടി അന്തിത്തിരി കൊളുത്താൻ സർപ്പക്കാവിലെത്തുമ്പോൾ തന്നെ എതിരേല്ക്കുന്നതു് ഉണ്ണ്യേട്ടന്റെ തിളങ്ങുന്ന കണ്ണുകളായിരുന്നു. ബാഹ്യമായി അകൽച്ച വർദ്ധിക്കുമ്പോൾ മനസ്സുകൾ കൂടുതൽ അടുത്തു. ഒരു ദിവസം കാവിൽ തിരി വച്ചു മടങ്ങുമ്പോൾ......... ദേവീ......വിളി കേട്ടു് താൻ തിരിഞ്ഞു നിന്നു. ഉണ്ണ്യേട്ടൻ..........

ദേവിയോടു യാത്ര ചോദിക്കാനാണു് ഞാൻ വന്നതു്...... അത്ഭുതപ്പെട്ടു നില്ക്കുമ്പോൾ ഉണ്ണ്യേട്ടൻ മിലട്ടറിയിൽ ചേർന്നതായി പറഞ്ഞു. രോഗിയായ അച്ഛനേയും, സ്നേഹനിധികളായ അമ്മയേയും കൊച്ചനുജത്തിമാരേയും രക്ഷിക്കാനായി ഉണ്ണ്യേട്ടൻ പട്ടാളത്തിൽ ചേർന്നു. ഉണ്ണ്യേട്ടൻ യാത്ര പറഞ്ഞു് നടന്നകന്നപ്പോൾ നിർവ്വികാരയായി നില്ക്കാനേ കഴിഞ്ഞുള്ളൂ. നിഴലുകൾ അകലുന്നതായി തോന്നി.

അമ്മ തളർവാതം പിടിച്ചു് കിടപ്പിലായപ്പോൾ താൻ ആകെ തകർന്നുപോയി. അമ്മയുടെ ലോകം മച്ചിലെ മുറിയിൽ ഒതുങ്ങി. എണ്ണയുടേയും കുഴമ്പിന്റേയും രൂക്ഷമായ ഗന്ധത്തോടൊപ്പം നീണ്ട നിശ്വാസങ്ങളും മച്ചിൽ ഉയർന്നു പൊങ്ങി. അമ്മയുടെ അസുഖം അച്ഛനെ ആകെ തളർത്തിക്കളഞ്ഞു. അച്ഛന്റെ ആരോഗ്യം ക്ഷയിച്ചു വന്നു. ഒന്നിലും മേൽനോട്ടം വഹിക്കാൻ കഴിഞ്ഞില്ല. തകർച്ചയിലും കൂടെ നില്ക്കാൻ കാര്യസ്ഥൻ രാമൻ നായരും, വലിയമ്മയും ഉണ്ടായിരുന്നു.

മൂകത തളം കെട്ടിയ ആ അന്തരീക്ഷത്തിൽ നിന്നു രക്ഷനേടാൻ കഴിഞ്ഞതു്, വിദ്യാഭ്യാസത്തിനായി അകലെയുള്ള കോളേജിൽ എത്തിയപ്പോഴാണ്. കൂടുതൽ പഠിക്കുംതോറും കൂടുതൽ കൂടുതൽ സംശയങ്ങൾ. ലൈബ്രറിയുടെ മൂലയിൽ, പുസ്തകങ്ങളുടെ താളുകൾ മറിക്കുമ്പോൾ, ഏകാന്തമായ കടല്ക്കരയിൽ അഗാധമായ നീലിമയിലേക്കു് കണ്ണും നട്ടിരിക്കുമ്പോൾ, ഹോസ്റ്റലിൽ മട്ടുപ്പാവിലിരുന്നു് നക്ഷത്രങ്ങൾ എണ്ണി നോക്കുമ്പോൾ, മായാത്ത ഒരു ചോദ്യ ചിഹ്നം മനസ്സിൽ ഉയർന്നു വരും.

എന്താണീ ജീവിതം......

എല്ലായിടത്തും താൻ ഒറ്റപ്പെടുകയായിരുന്നു. അല്ലെങ്കിൽ സ്വയം ഒറ്റപ്പെടാൻ ശ്രമിക്കുകയായിരുന്നു. കൂട്ടുകാർ തനിക്കൊരു പേരു നല്കി. 'വിഷാദം'. തനിക്കു് ഒരിക്കലും ഒന്നിലും സന്തോഷിക്കാൻ കഴിഞ്ഞിട്ടില്ല.

ഏട്ടനു് ഡൽഹിയിൽ ജോലി കിട്ടി. പോകാൻ സമയം ഹോസ്റ്റലിൽ വന്നു് തന്നെ കണ്ടു. ഏട്ടൻ യാത്ര പറഞ്ഞിറങ്ങിയപ്പോൾ കണ്ണുകൾ ഈറനണിഞ്ഞു. മരവിച്ച മനസ്സിനു് കരഞ്ഞപ്പോൾ അല്പം ആശ്വാസം ലഭിച്ചു. അച്ഛന്റെ അനുവാദം കൂടാതെ തന്നെ ഏട്ടൻ ഒരു പഞ്ചാബിപ്പെൺകുട്ടിയെ വിവാഹം കഴിച്ചു. ഏട്ടന്റേയും, ഏട്ടത്തിയമ്മയുടേയും കൂടിയുള്ള ഫോട്ടോ ഏട്ടൻ അയച്ചു തന്നു. അവർക്കു് മനസ്സുകൊണ്ടു മംഗളം നേർന്നു.

അവധിക്കു വീട്ടിൽ താമസിക്കുമ്പോൾ ഉണ്ണ്യേട്ടൻ ഏതോ അപകടത്തിൽ മരിച്ചു പോയതായി കമ്പി കിട്ടി. വിവരം അറിഞ്ഞപ്പോൾ ഞെട്ടിത്തെറിച്ചു പോയി. ധീരനെന്നു സ്വയം വിശ്വസിച്ചിരുന്ന അച്ഛന്റെ കണ്ണുകൾ ഈറനാകുന്നതു് തനിക്ക കാണാൻ കഴിഞ്ഞു. പൊട്ടിക്കരഞ്ഞു കൊണ്ടു് അച്ഛന്റെ കാൽക്കൽ വീണ അപ്പച്ചിയുടെ മുമ്പിൽ അച്ഛൻ ദുർബ്ബലനായിപ്പോയി. തനിക്ക സ്വയം നിയന്ത്രിക്കാൻ കഴിയാതെ പൊട്ടിക്കരഞ്ഞുപോയി.

റങ്കോട് കൂടി എം. എ. പാസ്സായ
പ്പോൾ പഠിച്ചിരുന്ന കോളേജിൽ തന്നെ ജോ
ലി ലഭിച്ചു. മനസ്സിന് വളരെ ആശ്വാസം
തോന്നി. പുതിയ ചുറ്റുപാടുകളെ താൻ അതേ
യാറം റവുത്തിരുന്നു, പഴമയിൽ ആശ്വാസം
കണ്ടെത്താനായിരുന്നു ശ്രമം. സ്നേഹമുള്ള വി
ദ്യാർത്ഥികൾ ഹോസ്റ്റലിൽ അവർ തമ്മിൽ
തമ്മിൽ ചോദിക്കുന്നതു് പലപ്പോഴും കേൾ
ക്കാൻകഴിഞ്ഞു. പാവം ടീച്ചർ .. ഈ ടീച്ചർ
ക്കെന്തുപറ്റി ആവോ......... ഈ ടീച്ചർ ഒരി
ക്കലും ചിരിക്കാറില്ല

അപ്പോഴെല്ലാം മനസിൽ പറഞ്ഞു.......
ഇല്ല കുട്ടികളേ...... ടീച്ചർ ചിരിക്കാൻ മറന്നി
രിക്കുന്നു. അവർ തന്നെ സഹതാപത്തോടെയാ
ണു് നോക്കിയിരുന്നതു്, അതു പലപ്പോഴും
സഹിക്കാൻ കഴിഞ്ഞില്ല. താൻ ഒരിക്കലും സ
ഹതാപം ആഗ്രഹിച്ചിരുന്നില്ല. ആഗ്രഹിച്ചതൊ
ന്നും തനിക്കൊരിക്കലും ലഭിച്ചിട്ടില്ല.

ഉണ്ണിക്കുട്ടന്റെ മരണം അച്ഛനെ മറ്റൊരാളാ
ക്കിത്തീർത്തു. അച്ഛന്റെ ആരോഗ്യം ദിനംപ്രതി
ക്ഷയിച്ചു വന്നു. പെങ്ങളോടും, അനന്തരവ
നോടും, അച്ഛൻ മനസ്സിൽ ഇത്രയേറെ സ്നേഹം
സൂക്ഷിച്ചിരുന്നുവെന്നു് അത്ഭുതത്തോടു കൂടി
മാത്രമേ മനസ്സിലാക്കാൻ കഴിഞ്ഞുള്ളൂ. ഒരു
വർഷം കഴിഞ്ഞപ്പോൾ അച്ഛനും അന്ത്യയാത്ര
പറഞ്ഞു. അച്ഛന്റെ മരണത്തോടുകൂടി അമ്മ
യുടെ തളർന്ന ശരീരത്തിലെ മനസ്സും തളർന്നു.

അമ്മയെ അഭിമുഖീകരിക്കുവാൻ താൻ വള
രെ വിഷമിച്ചിരുന്നു. അവധിക്കു വീട്ടിലെത്തി
യാൽ ഉടൻ പള്ളിയിലേക്കു പോകും. അസ്ഥികൂടം
മാത്രമായി തീർന്നിരിക്കുന്ന അമ്മയെ കാണു
മ്പോൾതന്നെ മനസ്സു ദുർബ്ബലമായിത്തുടങ്ങും.
ചിത്തുപ്പണി ചെയ്ത തൂണിൽ തെരുപ്പിടിച്ചു
കൊണ്ടു നില്ക്കുമ്പോൾ അമ്മയുടെ ക്ഷീണിച്ച
കണ്ണുകളിൽ ചലനം—ഭാഗ്യഹീനയായ മകളെ
ഓർത്തു് അമ്മയുടെ കണ്ണുകളിൽ നിശബ്ദ ദുഃഖം
നിഴലിക്കുന്നതു കാണാം. ഇത്തരം സന്ദർഭങ്ങ
ളിൽ കരയരുതു് എന്നു മനസ്സിൽ കരുതാറുണ്ടു്.
പക്ഷേ...., തന്റെ നിസ്സഹായതയെ ഓർക്കു
മ്പോൾ നിയന്ത്രണമില്ലാതെ കരഞ്ഞു പോകാ
റുണ്ടു്. പിന്നെ അവിടെ നില്ക്കാറില്ല. ഓടി
താഴെ ഇറങ്ങും.

കുഞ്ഞു് എന്തേ കിടക്കണ്, വന്നു് അത്താ
ഴം കഴിച്ചോളൂ..... വലിയമ്മയുടെ ശബ്ദം
കേട്ടു് ചിന്തയിൽ നിന്നു് ഉണർന്നു. നേരം നല്ല
പോലെ ഇരുട്ടിയിരിക്കുന്നു. വലിയമ്മ മുറി
യിൽ വിളക്കു കൊണ്ടുവന്നു വച്ചു.

മുറിയിൽ പ്രകാശം വലയം സൃഷ്ടിച്ചു.

കരഞ്ഞു കലങ്ങിയ കണ്ണുകൾ വലിയമ്മ
കാണാതിരിക്കുവാൻ മുഖം തിരിച്ചു....

എല്ലാം മനസ്സിലാക്കുന്ന വലിയമ്മ അടുത്തു
വന്നിരുന്നു് തലയിൽ തലോടി ആശ്വസി
പ്പിച്ചു.

ഇങ്ങനെ ദുഃഖിച്ചു കിടന്നാലോ കുഞ്ഞേ...

കുഞ്ഞും ഇങ്ങനെ തുടങ്ങിയാൽ എനിക്കു്
സഹിക്കാൻ വയ്യ.....

എങ്ങനെ കഴിഞ്ഞ തറവാടാണ്...........
ദൈവമേ നീ ഇതു കാണുന്നില്ലേ......... വലി
യമ്മ ദൈവത്തോടു പരാതി പറഞ്ഞു് കരഞ്ഞു
തുടങ്ങി.

കരച്ചെങ്കിലും ചോറുണ്ണു കുഞ്ഞേ.......വലി
യമ്മ വീണ്ടും നിർബ്ബന്ധിച്ചു.

എനിക്കു വല്ലാതെ തലവേദനിക്കുന്നു......
എനിക്കു് ഒന്നും വേണ്ട.... വലിയമ്മ പോയി
കഴിച്ചോളൂ..... പിന്നീടൊന്നും പറയാതെ
നെടുവീർപ്പിട്ടു കൊണ്ടു് അവർ നടന്നു.

വിളക്കുകൂടി കൊണ്ടു പൊയ്ക്കൊള്ളൂ.....
എനിക്കു വെളിച്ചം വേണ്ട..... വിളക്കുമായി
വലിയമ്മ നടന്നകന്നപ്പോൾ പതിയിരുന്ന ഇരു
ട്ട് ഓടിയടുത്തു.

അപ്പോൾ ഉറക്കെ വിളിച്ചു പറയണമെന്നു
തോന്നി........ വയ്യാ......... എനിക്കിതു്
സഹിക്കാൻ....., ആവുന്നില്ല....... എനിക്കു
മോചനം തരൂ.............



# ജീവിതം

ഇന്നലെ!

പൂനിലാവിന്റെ പുഞ്ചിരിയോടും പുഷ്പദലത്തിന്റെ മാർദ്ദവത്തോടുംകൂടി
അതിലോലങ്ങളായ വസ്ത്രങ്ങൾക്കുള്ളില് യോഗനിദ്രചെയ്തിരുന്ന ദിവ
സങ്ങൾ!

വാത്സല്യലാളനകളേറ്റ് കളമോഹനമായ നിസ്വനങ്ങളാല് കൊ
ഞ്ചിക്കുഴഞ്ഞിരുന്ന ആ ദിനരാത്രങ്ങൾ!

സ്നേഹശീതളമായിരുന്ന വിദഗ്ധഹസ്തങ്ങളുടെ നിയന്ത്രണമേറ്റ്
ജീവിതനൗക സ്വച്ഛന്ദം പുരോഗമിച്ചിരുന്ന നിമേഷങ്ങൾ!

